# വികസനത്തിന് വിലകൊടുക്കേണ്ടതാര്?

**രാജ്യം** സമ്പദ്സമൃദ്ധമാകാൻ വികസനപ്രവർത്തനങ്ങൾ മുറക്കുനടക്കണം. വിമാനത്താവളങ്ങൾ, എക്സ്പ്രസ് ഹൈവേകൾ, മൾട്ടിട്രാക് റെയിൽവേകൾ, തുറമുഖങ്ങൾ, വൻകിട ഫാക്ടറികൾ ഇതൊക്കെയാണ് വികസനത്തിന്റെ മുഖ മുദ്രകൾ. ഉതൊക്കെ ഉണ്ടാവാൻ ദേശീയം, വൈദേശികം എന്ന വേർതിരിവില്ലാതെ മൂലധന നിക്ഷേപവും സാങ്കേതിക വിദ്യകളും സ്വീകരിക്കണം. തൊഴിൽ ശക്തി നമുക്കു വേണ്ടതിലേറെയുണ്ട്. പിന്നെ 'വികസനം' സ്ഥാപിക്കാനുള്ള മണ്ണിന്റെ കാര്യം. ജനസാന്ദ്രതയേറിയ ഇന്ത്യയിൽ ഏതുകോണിൽ ചെന്നു നോക്കിയാലും കുറേ ദരിദ്രനാരായണന്മാരുടെ കുടിലുകൾ കാണും. അതിനു ചുറ്റുമുള്ള മണ്ണിൽ അവരെന്തെങ്കിലുമൊക്കെ നട്ടുനനച്ചുണ്ടാക്കുന്നുമുണ്ടാകും. ഇക്കൂട്ടരെ ഒഴിപ്പിക്കാതെ മഹത്തായ വികസന സ്വപ്നങ്ങൾ യാഥാർഥ്യമാക്കാൻ വിദേശത്തും സ്വദേശത്തുമുള്ള കുത്തകമൂലധനമുടമകൾ ആവശ്യപ്പെടുന്ന വിശാലമായ 'പ്രത്യേക സാമ്പത്തിക മേഖലകൾ' പതിച്ചുകൊടുക്കാനാവില്ല. പുരക്കും പുരയിടത്തിനും വിലയായി വല്ലതും വാങ്ങി ഒഴിഞ്ഞുപോകാൻ കൂട്ടാക്കുന്നില്ലെങ്കിൽ അവരെ ആട്ടിയോടിക്കണം. ആട്ടിയിട്ട് ഓടുന്നില്ലെങ്കിൽ വെടിവെച്ചു കൊല്ലണം. മണ്ണിനോടൊട്ടിക്കിടക്കുന്ന ഏഴകളുടെ ശരീരങ്ങൾ കണ്ട് അന്തിച്ചുനിൽക്കേണ്ടതല്ല മഹത്തായ വികസനത്തിന്റെ വമ്പൻ ബുൾഡോസറുകൾ. കർഷകരുടെ കൃഷിഭൂമി, ആദിവാസികളുടെ കുടിനീര്, പരിസ്ഥിതിനാശം എന്നൊക്കെപ്പറഞ്ഞ് വികസന സംരംഭങ്ങളെ എതിർക്കുന്നവർ പിന്തിരിപ്പന്മാരും വികസന വിരോധികളുമാണ്. അവരെ ഒറ്റപ്പെടുത്തിയേ തീരൂ.

ഇതാണ് വികസനത്തെ ഒരു വിഗ്രഹമാക്കി പൂജിക്കുന്നവരുടെ നിലപാട്. അധ്വാനിക്കുന്നവരുടെയും അടിച്ചമർത്തപ്പെട്ടവരുടെയും വിമോചകരെന്ന ലേബലിൽ വളർന്നുവന്ന ഇടതുപക്ഷ കക്ഷികളെപ്പോലും ഈ ആധുനിക വികസനഭ്രമം എന്തുമാത്രം ആവേശിച്ചിരിക്കുന്നുവെന്നതിന്റെ വ്യക്തമായ ഉദാഹരണമാണ് ഈ മാർച്ച് 14-ന് ബംഗാളിലെ നന്ദിഗ്രാമിൽ നടന്ന വെടിവെപ്പ്. നന്ദിഗ്രാം മാത്രമല്ല സിംഗൂരും തെഹ്രിയും നർമദ സരോവറുമൊക്കെ കാഴ്ചവെക്കുന്നത് അപമാനവീകരിക്കപ്പെട്ട വികസനത്തിന്റെ ചിത്രങ്ങളാണ്. വികസനം സ്വയം ദൈവമാകുമ്പോൾ അത് നരബലികൾ ആവശ്യപ്പെടുകയാണ്.

രാജ്യം നാനാതുറകളിൽ വികസിക്കുന്നതിന് ആരും എതിരല്ല. സാമ്പത്തിക സമൃദ്ധിയും സാങ്കേതിക സൗകര്യങ്ങളും എല്ലാവരും ആഗ്രഹിക്കുന്നുണ്ട്. രാജ്യത്തിന്റെ വികസനമെന്നാൽ പൗരസഞ്ചയത്തിന്റെ -അതിലെ അടിസ്ഥാന വർഗത്തിന്റെ- വികസനമാണ്, ആയിരിക്കണം. എല്ലാവർക്കും തൊഴിലും വരുമാനവും സുഗമജീവിതവും സമ്മാനിക്കുന്നതാവണം വികസനം; ചെറിയൊരു ന്യൂനപക്ഷത്തിന് സമ്പന്നതയുടെ ഉച്ചിയിലേക്കുള്ള സുവർണസോപാനമൊരുക്കിക്കൊടുക്കുകയും മഹാഭൂരിപക്ഷത്തെ യാതനയുടെ പാതാളത്തിലേക്ക് ചവിട്ടിത്താഴ്ത്തുകയും ചെയ്യുന്നതാവരുത്. നിർഭാഗ്യവശാൽ ആഗോളവൽക്കരണ-ഉദാരീകരണ സാമ്പത്തിക നയം സ്വീകരിച്ച ശേഷം ഇന്ത്യയുടെ വികസനം പോകുന്നത് ഈവഴിക്കാണ്. പോയവർഷം നമുക്ക് പത്തുശതമാനത്തോളം സാമ്പത്തിക വളർച്ചയുണ്ടായി. ഈ വളർച്ചക്കിടയിലാണ് വിദർഭയിൽ ആത്മഹത്യ ചെയ്ത കർഷകരുടെ എണ്ണം 4500 ആയും വളർന്നത്. 2007 പിറന്നശേഷം മാത്രം അവിടെ 247 കർഷകർ ആത്മഹത്യചെയ്തിരിക്കുന്നു. ഇടതുപക്ഷം അധികാരമേറ്റശേഷം കേരളത്തിലും നൂറിലേറെപ്പേർ ആത്മഹത്യ ചെയ്തു. അപ്പോൾ നമ്മുടെ സാമ്പത്തിക വളർച്ചയുടെ ഗുണഭോക്താക്കളാരാണ്? ഫോർബ്സ് മാഗസിൻ അതിനു മറുപടി നൽകുന്നു. ലോകത്തിലെ അതിസമ്പന്നരുടെ പട്ടികയിൽ ഇക്കുറി 36 ഇന്ത്യൻ കോടീശ്വരന്മാരാണ് സ്ഥാനം പിടിച്ചിരിക്കുന്നത്. ലോകത്തിൽ ഏറ്റവും കൂടുതൽ കോടീശ്വരന്മാരുള്ള രാജ്യമായിത്തീർന്നിരിക്കുന്നു ഇന്ത്യ. അവരുടെ ആസ്തി 19100 കോടി ഡോളർ (ഏതാണ്ട് 8.5 ലക്ഷം കോടി രൂപ) ആകുന്നു. ഇന്ത്യയുടെ മൊത്തം ഉൽപാദനത്തിന്റെ നാലിലൊന്നിനു തുല്യമാണിത്. നൂറ്റി ഇരുപതോളം കോടി ജനങ്ങൾ (അവരിൽ 30 കോടിയോളം പേർ ദാരിദ്ര്യരേഖക്ക് താഴെയാണ്) ഉള്ള ഇന്ത്യയിൽ 36 പേരെ ലോക കോടീശ്വരന്മാരുടെ മുൻനിരയിലെത്തിച്ചതാണ് നമ്മുടെ വികസനം.

ശീതീകരിച്ച കൊട്ടാരങ്ങളിൽ വാഴുന്ന കോടീശ്വരന്മാർക്കും അവർക്ക് ചെമ്പട്ടു വിരിക്കുന്ന അധികാരികൾക്കും പരിസ്ഥിതിദൂഷണത്തിന്റെ ദോഷങ്ങളറിയേണ്ട. അവരുടെ വികസനത്തിനു വേണ്ടി ആഹുതി ചെയ്യപ്പെടുന്ന അടിസ്ഥാന വർഗങ്ങളുടെ ജീവിതമറിയേണ്ട. ഇങ്ങനെ ദേശീയ കോടീശ്വരന്മാരെ അന്തർദേശീയ കോടീശ്വരന്മാരും ദരിദ്രനാരായണന്മാരെ ഭൂമിയും കിടപ്പാടവും നഷ്ടപ്പെട്ട അഭയാർഥികളുമാക്കി മാറ്റുന്ന അപമാനവീകൃത വികസനമാണ് ചെറുത്തുനിൽപുകൾക്കും വെടിവെപ്പുകൾക്കുമിടയാക്കുന്നത്. ആരും ബലിയാകാതെ എല്ലാവരും ഗുണഭോക്താക്കളാകുന്ന വികസനമാണ് സാമാന്യ ജനം തേടുന്നത്. ഗുണഭോഗത്തിന് കോടീശ്വരന്മാർ, നഷ്ടപ്പെടാൻ കർഷകരും തൊഴിലാളികളും എന്നതാണ് ഇന്നത്തെ അവസ്ഥ. ഇതിന്റെ നേരെ വിപരീതമായ ആശയം മുദ്രാവാക്യമായി സ്വീകരിച്ചിരുന്നവർ പോലും ഇന്ന് ഈ ആശയത്തിലേക്ക് മാറിയിരിക്കുകയാണ്. കൊട്ടാരവാസികൾക്ക് കോടികൾ കൊയ്യാൻ കുടിൽവാസി അവന്റെ കുടിലൊഴിയണം.

തെഹ്രിയിലും നർമദ സരോവറിലും മുങ്ങിത്താഴുന്നത് ഏഴകളുടെ ജീവിതമാണ്. നന്ദിഗ്രാമിലും സിംഗൂരിലും കൃഷിഭൂമിയും കിടപ്പാടവും നഷ്ടപ്പെട്ട് അഭയാർഥികളാകുന്നത് പാവപ്പെട്ട കർഷകരാണ്. അവരാരും ടാറ്റയുടെ കാറോ സലിം ഗ്രൂപ്പിന്റെ രാസോൽപന്നങ്ങളോ വാങ്ങാൻ കാത്തിരിക്കുന്നവരല്ല.

ഗുരുവായൂരിൽ ചെന്ന് തൊഴാനും പുത്തൻപള്ളിയിൽ ചെന്ന് ജാറം മൂടാനും ആരും താനൂർ-ഗുരുവായൂർ പാത വരുന്നതും കാത്തിരിക്കുന്നില്ല. തീവണ്ടിയില്ലാത്തതുകൊണ്ട് ആ പ്രദേശത്തെ വിഭവങ്ങളൊന്നും കയറ്റിയയക്കപ്പെടാതെ കെട്ടിക്കിടക്കുന്നുമില്ല. ഗുരുവായൂർ പാത ഇടപ്പള്ളിയിലേക്ക് നീണ്ടാൽ മഹാരാഷ്ട്രയിലെയും ഗുജറാത്തിലെയും വ്യാപാരി വ്യവസായികളുടെ ചരക്കുഗതാഗതം കുറേക്കൂടി അനായാസമാകും. അത് അക്കൂട്ടത്തിൽ ചിലർക്കുകൂടി ലോക മുതലാളിപ്പട്ടികയിൽ സ്ഥാനം പിടിക്കാൻ സഹായകവുമാവാം. അതിലാർക്കുമില്ല വിരോധം. പക്ഷേ അതിനു വഴിയൊരുക്കുന്നത് പാവങ്ങളുടെ നെഞ്ചിലൂടെയാവരുത് എന്നു പറയാതിരിക്കാനാവില്ല. ഇപ്പോഴത്തെ പദ്ധതിയനുസരിച്ച് ഈ റെയിൽപാത ആയിരക്കണക്കിന് കുടുംബങ്ങളെ കുടിയൊഴിപ്പിക്കുകയും നീണ്ടകാലത്തെ പ്രയത്നത്തിലൂടെ തദ്ദേശീയർ കരുപ്പിടിപ്പിച്ച പ്രാദേശിക വികസനങ്ങളെ അട്ടിമറിക്കുകയും ചെയ്യും.

ആളുകൾ ഒരിടത്ത് സ്ഥിരതാമസമാക്കുന്നത് ഒരാവാസവ്യവസ്ഥയുടെ ഭാഗമായിട്ടാണ്. ബന്ധുക്കൾ, അയൽക്കാർ, സുഹൃത്തുക്കൾ, പ്രാദേശിക പ്രകൃതി, തൊഴിൽക്ഷമത തുടങ്ങി അനേകം ഘടകങ്ങൾ ചേർന്നതാണ് ആ വ്യവസ്ഥ. അതിൽനിന്ന് ഒഴിക്കപ്പെടുകയെന്നാൽ ആ വ്യവസ്ഥയിൽനിന്ന് പറിച്ചെറിയപ്പെടുകയാണ്. ആ കുടുംബത്തിന്റെ മാത്രമല്ല അവരുമായി ബന്ധപ്പെട്ട മറ്റുള്ളവരുടെയും ജീവിതത്തിൽ അത് കനത്ത ആഘാതമേൽപിക്കും. താനൂർ-ഗുരുവായൂർ പാതയിലൂടെ രാജധാനി എക്സ്പ്രസ്സുകൾ കൂകിക്കുതിക്കുന്ന സ്വപ്നത്തിലഭിരമിക്കുന്നവർ ഈ പറിച്ചെറിയപ്പെടുന്നവരുടെ വയറ്റിലാളുന്ന തീയും ഒന്നു സങ്കൽപിച്ചുനോക്കിയെങ്കിൽ! ■